# ഉണർവ്



## വേളം ഹൈസ്കൂൾ ചേരാപുരം

## LK/2018/16073

## DIGITAL MAGAZINE

## 2018 – 2019

# Chief Editor
**MM Hameed**

# Staff Editor
**Rejisha VN**

# Editor
**Saeed VK**

# Sub Editor
**Rajwan K**

# Advisory Body
**Sreejith Raj KT**
**Sheeba C**

# Members
**Yafi M**
**Adnan KT**
**Adwaid NK**
**Rishika Das**

# Cover
**Adith C**

## Layout & Printing
**Arjun Raj**
**Rishal P**

Little KITEs Unit

## LK/2018/16073

# MEMBERS

1.MUHAMMED SAEED VK
2.MUHAMMED RAJWAN K
3.MUHAMMED YAFI M
4.MUHAMMED RISHAL P
5.MUHAMMED JUNAID P
6.MUHAMMED SALIM M
7.ADWAID NK
8.SARANG VK
9.ADNAN AMEEN KT
10.ASRAD K
11.AKHIL KS
12.DEVAMANAS P
13.ADITH C
14.ABHINAND TK
15.ARJUN RAJ PP
16.AKSHAY T
17.AMAL SAI S
18.RISHIKA DAS MK
19.NANDANA KK
20.AMRUTHA VM
21.AMAYA S HARI
22.SREYA SR

# വിദ്യാർത്ഥികളുടെ പട്ടം

**ഈ അടുത്തകാലത്താണ് 'ലിറ്റിൽകൈറ്റ്സ്'** അരങ്ങേറിയത്. വിദ്യാർത്ഥികളുടെ വിവരവിനിമയ സാങ്കേതികതയിലുള്ള അറിവിനെ ഒന്നുകൂടി ർജ്ജിച്ചെടുത്തുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഗ്രേസ് മാർക്ക്ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് നമ്മുടെ പ്രിയ കൂട്ടുകാർ. വിവിധതരം ആനിമേഷനുകളും,സ്ക്രാച്ചും എല്ലാം സ്വന്തമായി വിദ്യാർത്ഥികൾക്ക് ഉണ്ടാക്കാൻ കഴിയുന്നു. ഐ.ടി മേഖല വർധിച്ച വരുന്ന ഈ കാലത്ത് എന്തെങ്കിലും നേട്ടം കൊയ്യെടുക്കാൻ**'ലിറ്റിൽ കൈറ്റ്സ്''** അംഗങ്ങൾക്ക് കഴിയും.

ഇനി വരുന്ന തലമുറയിലെ ഐ.ടി രംഗത്തെ പറക്കുന്ന കുട്ടിപ്പട്ടമായി ഈപദ്ധതി മാറും. ചെലവ് കുറഞ്ഞ ഈ പദ്ധതി വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനപ്പെടും.കമ്പ്യൂട്ടറും, ക്യാമറയുമൊന്നും ഉപയോഗിച്ച് ശീലമില്ലാത്തവരായിരിക്കും കുട്ടികൾ.അവർക്ക് നല്ല രീതിയിൽ തന്നെ പേടികൂടാതെ ഇതിൽ പ്രവർത്തനങ്ങൾ ചെയ്യുന്നു.ഓരോ വിദ്യാലയങ്ങളിലും അവരെ നിയന്ത്രിക്കാൻ അധ്യാപകർ പ്രത്യേകമായി ചുമതലയേറ്റിട്ടുണ്ട്. വിവിധ ക്യാമ്പുകളും ലിറ്റിൽ കൈറ്റുമായി ബന്ധപ്പെട്ട് നടത്തിവരുന്നു. ഇത് പട്ടംപോലെ ഉയത്തിലേക്ക് പറക്കട്ടെ.

# താളുകൾ മറിക്കുമ്പോൾ


1.സമയം 6

2.മരണം 7

3.ന്യൂജനറേഷൻ 8

4.ത്രിവർണ പതാക 9

5.മഴയെന്ന ഓർമകൾ 10

6.പട്ടം തന്ന സുഹൃത്ത് 11

7.ചതിയൻ ചങ്ങാതി 12

8.പ്രളയം 13

9.ചോദ്യം 14

10.THE WORLD OF CARTOONS 15

11.കലാലയം 16

12.മാമ്പഴക്കാലം 17

13.ഇന്റർനെറ്റ് 18

14.ARTIFACTS-A COLLECTOR'S FANTASY 19

15.കാലം 20

16.ഗാന്ധിജി 21

17.നിമിഷ നേരം 22

18.പുഴയുടെ നൊമ്പരം 23

19.മായാത്ത സ്വപ്നം 25

20.കുട്ടികൾ നമ്മുടെ സമ്പത്ത് 26

21.അമ്മയുടെ പരാതി 28

22.പ്രളയം@2k18 29

23.യാത്ര 30

24.യാത്രാ വിവരണം 32

# സമയം

ഒരു ദിവസം 24 മണിക്കൂർ അവൾ മെല്ലേ ചിന്തിച്ചു. ഈ 24 മണിക്കൂറിൽ എന്തൊക്കെ ഈ ലോകത്ത് നടക്കുന്നു. ആർക്കും ഒന്നിനും സമയമില്ല. ഹാ എന്തോ ആകട്ടെ ഇപ്പോൾ സമയം എത്രയായി  അവൾ ക്ലോക്കിലേക്ക് നോക്കി 8:30 രാത്രിയിലെ ആ മഴയിലേക്ക് നോക്കി. ഇനിയും എത്ര സമയം ബാക്കി

അവളുടെ ജോലി തീർന്നില്ല. പെട്ടന്നാണ് എവിടെ നിന്നോ എന്തോ പൊട്ടുന്ന ശബ്ദം അവൾതിരിഞ്ഞ് നോക്കി. അട്ടഹാസങ്ങൾ കേൾക്കുന്നുണ്ട് ആ മഴയിലൂടെ അവൾ ഓടി. ആബുലൻസുകൾതൊട്ടുമുന്നിലൂടെ പോകുന്നത് കണ്ട് അവൾ പേടിച്ചു. പിന്നീടാണ് മനസ്സിലായത്. തൻെ്റ നാടായ ജമ്മുകാശ്മീരിൽ വീണ്ടും ഒരു ബോംബ് വർഷിച്ചിരിക്കുന്നു. സമയം ബാക്കിയായ അവളുടെ  കണ്ണിൽനിന്നു കണ്ണു നീർ മെല്ലെ  ഒഴുകി വീണു.

MUHAMMAD RISHAL
**IX-D**

# മരണം

നാം മരണം ആസ്വദിച്ചിട്ടുണ്ടോ? മരണം കണ്ടറിഞ്ഞിട്ടുണ്ടോ? മരണത്തിന്റെ രുചി അറിഞ്ഞിട്ടുണ്ടോ? മരണത്തെ ചിലർ ദൈവത്തിന്റെ പ്രീതിയായി കണക്കാക്കും. ചിലർ മരണത്തെ ഭയാനകമായി കണക്കാക്കും.

എന്നാൽ ഞാൻ മരണത്തെ ഭയക്കുന്നു. കാരണം എന്റെ അമ്മയെയും അച്ഛെനയെയും എന്റെ ജീവനെ പോലെ കാണുന്ന മക്കളെയും ഭാര്യയെയും വിട്ട് ആരുമില്ലാത്ത എന്നും കണ്ണീരുമാത്രം തരുന്ന മരണം.

പക്ഷെ എന്തുകൊണ്ടോ ഞാൻ ഇന്ന് മരണത്തെ ആസ്വദിക്കുന്നു. ഞൻ ഇത് എഴുതുന്നത് മരണത്തെ വളരെ സ്നേഹിച്ചു കൊണ്ടാണ്. കരണം എന്റെ ഭാര്യയും മക്കളും ഇന്ന് ജീവനോടെ ഇല്ല. പ്രളയമെന്ന തീ നാളം അവരെയും കൊണ്ടു പോയി. അത് കൊണ്ട് ഞാനും അവരുടെ കൂടെ പോവുന്നു. എന്നും അനന്തതയയുള്ള ആ ലോകത്തേക്ക്....

എന്ന് ഞാൻ!

Muhammed Rajwan K

# ന്യൂജനറേഷൻ

ഒരമ്മയ്ക്കും അച്ഛനും കുട്ടികളില്ലാതെ വിഷമിച്ച് കഴിയുകയായിരുന്നു. എല്ലാ അമ്പലത്തിലും നേർച്ചയും വഴിപാടും ഒക്കെ ചെയ്ത് കാലം കഴിച്ചുകൊണ്ടിരുന്നു. അവസാനനാൾ അവരുടെ ആഗ്രഹം സാക്ഷാത്കരിച്ചു. ഒരു കുഞ്ഞുപുത്രൻ ജനിച്ചു. അവർ അവനെ നല്ലോണം സ്നേഹിച്ചു. മക്കളില്ലാത്ത അവർക്ക് ഈശ്വരൻ കൊടുത്ത വരദാനമായി അവർ അവനെ കണ്ടു. അവൻ വലുതാകുന്തോറും അവരുടെ മനസ്സിൽ അവനെ കുറിച്ചുള്ള പ്രതീക്ഷകൾ പൊട്ടി മുളച്ചു. എന്നാൽ വലുതാകുന്തോറും വഷളനായിക്കൊണ്ടിരുന്നു. അവന്റെ കൂട്ടുകെട്ട് കഞ്ചാവ്, മദ്യം എന്നിവയിലൊക്കെ അവൻ വിനോദം കണ്ടെത്തി. ആ പാവം അമ്മയ്ക്കും അച്ഛനും അവനെ പിടിച്ചുനിർത്താൻ കഴിഞ്ഞില്ല. കഞ്ചാവ് അവന്റെ അമ്മയെ പോലെയായി. അച്ഛൻ ഒരുപാട് തവണ അവനെ നന്നാക്കാൻ ശ്രമിച്ചു. പക്ഷെ അവനിപ്പോൾ അമ്മയെന്നോ അച്ഛനെന്നോ ഇല്ല. എല്ലാവരോടും ദേഷ്യം, അവനൊന്ന് ചിരിച്ച് കാണാൻ അവർ കൊതിച്ചു. അവന്റെ അമ്മയെയും അച്ഛനെയും വരെ അടിച്ചിട്ടു. ഒടുവിൽ അവനെ അവൻതന്നെ നിയന്ത്രിക്കാൻ പറ്റാതായി. അവസാനം അവൻ ഈ ലോകത്തോട് വിട പറഞ്ഞു. അമ്മയും അച്ഛനും ചങ്ക്പൊട്ടി കരഞ്ഞു. പിന്നെയുള്ള അവരുടെ ശിഷ്ടകാലം അവർ വൃദ്ധസദനത്തിൽ കഴിഞ്ഞു കൂടി. ഇനിയൊരിക്കലും തന്റെ മകനെ പോലെയുള്ളവർ ഈ ലോകത്ത് ജനിക്കരുതെന്ന് അവർ മന്ത്രിക്കാൻ തുടങ്ങി.

Rishka Das

# ത്രിവർണ്ണ പതാക

നീലാകാശച്ചെരുവിൻ പാറും
പതാക കണ്ടോ സോദരരേ...
മുകളിൽ കുങ്കുമം
നടുവിൽ വെള്ള
താഴെ ഹരിത നിറം ചേലേ...
ഭാരത മണ്ണിൻ സൗന്ദര്യത്തെ
വർണ്ണിക്കുന്ന പതാകയിതേ.....
ഗാന്ധിയും നെഹ്റുവും
പൂർവികരെല്ലാം
നെഞ്ചിൽ ചേർത്തൊരലങ്കാരം
ഇനിയും ഉയർന്നുയർന്നു പറക്കും
വാനിൽ ഇന്ത്യക്കഭിമാനം

**Amal Sai**
**IX-A**

# മഴയെന്ന ഓർമ്മകൾ

പണ്ടൊരു മഴ നനഞ്ഞാൽ

കുളിരുന്ന ഓർമ്മകൾ

പണ്ടാമഴതൻ ചളിയിൽ ഓടിക്കളിച്ചു കുട്ടികൾ

ഇന്നാമഴ നനഞ്ഞാൽ പൊള്ളുന്നു ജീവിതം

കുട്ടികൾക്ക് മഴയെന്ന ഓർമ്മമാത്രം

Sarang Vk

**IX-A**

# പട്ടം തന്ന സുഹൃത്ത്

ഒരിക്കൽ കോതമംഗലം എന്ന നാട്ടിൽ ഒരു പാവം മുക്കുവൻ ഉണ്ടായിരുന്നു. സാമ്പത്തിക കാര്യത്തിൽ വളരെ പിന്നിലായിരുന്നു അവരുടെ കുടുംബം. ആ മുക്കുവന് ഒരു മകനുണ്ടായിരുന്നു.അവന്റെ പേരാണ് ഗോപു. അവന് കടലിൽ കളിക്കാൻ വളരെ ഇഷ്ടമാണ്.

അങ്ങനെയിരിക്കെ ഒരു ദിവസം അവൻ കടലിൽ കളിച്ച് കൊണ്ടിരിക്കുമ്പോൾ കുറേ കുട്ടികൾ പട്ടം പറപ്പിക്കുന്നത് കണ്ടു. അവനും അങ്ങനെ പട്ടം പറപ്പിക്കാൻ തോന്നി. പക്ഷേ അവന്റെ കൈയ്യിൽ പട്ടം വാങ്ങാനുള്ള പണം ഉണ്ടായിരുന്നില്ല. അവൻ അവന്റെ അച്ഛനോട് പണത്തിന് ചോദിച്ചു. അച്ഛന്റെ കൈയ്യിൽ പണം ഉണ്ടായിരുന്നില്ല. അങ്ങനെ അവൻ സങ്കടത്തോടെ കടലിന്റെ അരികിലൂടെ നടക്കുകയായിരുന്നു. അങ്ങനെ നടന്ന് പോകുന്നത് ഒരു പട്ടം പറപ്പിക്കുന്ന കുട്ടി കണ്ടു. അവൻ ഗോപുവിന്റെ അടുത്ത് ചെന്ന് അവന്റ പ്രശ്നം ചോദിച്ചു. ഗോപു അവനോട് എല്ലാം പറഞ്ഞു. അങ്ങനെ അവൻ ഗോപുവിന് ഒരു പട്ടം വാങ്ങി കൊടുത്തു. അങ്ങനെ അവർ രണ്ട് പേരും പട്ടം പറപ്പിച്ച് കളിച്ചു.

Junaid P
IX-A

# ചതിയൻ ചങ്ങാതി

ഒരു നാട്ടിൽ ഒരു പൂച്ചയും എലിയും മുയലും ഉണ്ടായിരുന്നു അവർ ഉറ്റ ചങ്ങാതിമാരായിരുന്നു, പക്ഷെ പൂച്ചയ്ക്ക് എലിയോട് ശത്രുതയുണ്ടായിരുന്നു. പൂച്ചയ്ക്ക് എലിയെകൊല്ലണമെന്ന ആഗ്രഹമുണ്ടായിരുന്നു.അവന് എലിയെ തീരെ ഇഷ്ടമില്ലായിരുന്നു. അവൻ മുയലിനെ ഭക്ഷണം തിരയാൻ അയച്ചു. എലിയെ കൊല്ലാൻ കണ്ടൻ പൂച്ചയെ വിളിച്ചു. എന്നിട്ട് അവൻ എലിയെ കൊന്നു. പിന്നെ പൂച്ച മുയലിനോട് എലിയെ കൊന്നത് കണ്ടൻ പൂച്ചയാണെന്ന് പറഞ്ഞു....

Sarang Vk

IX-A

# പ്രളയം

രാത്രിയുടെ തലോടലിൽ ഉറങ്ങുകയായിരുന്ന അവൾ. മഴയുടെ തണുപ്പിലും ഭീകര ശബ്ദത്തിലും അവൾ ഞെട്ടി ഉണർന്നു. കട്ടിലിൽ നിന്ന് താഴേക്ക് ഇറങ്ങിയ അവൾ ഒന്നു ഞെട്ടി. തഴേക്കുനോക്കുമ്പോൾ ഉയർന്നു വരുന്ന വെള്ളം.

അവൾ നടന്നു വതിലിനരികിൽ എത്തി. വതിൽ തുറക്കാനെത്തുമ്പോൾ അവൾക്കൊരു ഒർമ്മ എൻെറ മകൻ എവിടെ കത്തുന്ന വേദനയോടെ അവൾ തിരഞ്ഞു. ഓടിച്ചെന്ന് വാതിൽ തുറന്നു മുറ്റതത്തു പുഴപോലെ ഒഴുകുന്ന വെള്ളം. അവൾ പെട്ടന്ന് വതിലടച്ചു. അവൾ ഫോണിൻെറ ഫ്ലാഷ് ലൈറ്റ് ഓണാക്കി. അവൾ വീട്ടുമുഴുവൻ തിരയാൻ തുടങ്ങി. രാവിലെ മുതൽ കരണ്ടില്ലാത്തതിനാൽ ഫോണിൻെറ ചാർജ് തീരാനായിരുന്നു. ആ വെളിച്ചവും അണഞ്ഞാൽ ആ വീട് വെറുമൊരു ഇരുട്ടറയായി മാറും. അമ്മയും മകനുംഎന്തന്നറിയാതെ ആ വലിയ വീടിൽ അലയുന്നു. പെട്ടെന്ന് അവളുടെ കാതുകളിൽ മകൻെറ ശബ്ദം കേട്ടതായി തോന്നി. അവൾ കോണിപ്പടികൾ കയറി കയറി മുകളിലെത്തി അപ്പോഴും പുറത്ത് നല്ല മഴയായിരുന്നു.

AMAYA S HARI
**IX-D**

# ചോദ്യം?

ഭൂമി എന്തിന്, അതൊരു ചോദ്യമാണ്?

മനുഷ്യർക്കിടയിൽ എന്തിനും ചോദ്യം -

ബാക്കി !

ചോദ്യത്തിനും ഒരു വിലയുണ്ട്,

കാണാത്ത കാഴ്ചകൾ അറിയാത്ത

സ്വപ്നങ്ങൾ ഒരു ചോദ്യമായി നിൽക്കുന്നു!

MUHAMMED RISHAL

**IX-D**

# THE WORLD OF CARTOONS

A cartoon is a form of two dimensional illustrated visual art. While the specific definition has changed over time,modern usage refers to a typically non-realistic or semi realistic drawing to painting intended or satire caricature,or humor,or to the artistic style or such works .An artist who creates cartoons is called a cartoonist .

The term originated in the middle ages and first described a preparatory drawing for a piece of art,such as a painting, fresco , tapestry ,or stained glass window .In the 19th century,it came to refer to humorous illustrations in magazines and newspapers, and in the early 20th century and onward it referred to comic strips and televisions programmes

one the most famous cartoon animator of all times , who captured the children's world with his magic,wit and optimism was Walt Disney.

Who can forget the Disney characters like mickey mouse,Donald duck , Pluto and goofy? Or for that mater winnie the pooh ,Tom and Jerry Chip'n' dale?

Cartoons are enjoyed by children and adults alike,giving them wonderful moments of joy and laugher, and making one feel light and young

MUHAMMED YAFI
IX-E

# കലാലയം

ആരും മറക്കില്ല ഈ കലാലയം

ആരും കൊതിക്കുന്ന സ്വപ്നമാണിന്നെൻെറ

കലാലയം

കാണാത്ത സ്വപ്നത്തിൻ തണലാണെൻ

കലാലയം

Muhammed Rishal P

IX-D

## മാമ്പഴക്കാലം

" എത്തി വന്നെത്തി മാമ്പഴക്കാലം
തേന്മൂറും മാമ്പഴം നുണയാൻ അണ്ണാര-
ക്കണ്ണനും വന്നെത്തി
തേന്മൂറും മാമ്പഴം കഴിക്കാൻ കുട്ടിക്കൂട്ടവും
വന്നെത്തി, ആരും കാണാതെ
പക്ഷിക്കൂട്ടവും പറന്നെത്തി
തേന്മൂറും മാമ്പഴക്കാലം വന്നെത്തി"

Sarang Vk

# ഇന്റർനെറ്റ്

പണ്ടുകാലത്ത് കുട്ടികൾ ഒത്തുകൂടിയാൽ ചെളിയിലും മഴയത്തും കളിച്ചുനടന്നിരുന്നു. അതിനാൽ അവർക്ക് രോഗപ്രതിരോധശേഷി കൂടുതലായിരുന്നു. പക്ഷെ ഇപ്പോഴത്തെ തലമുറഒത്തുകൂടിയാൽ മൊബൈൽ ഫോണിന്റെ മുന്നിലാണ്.

ഫോണിലെ ഇന്റർനെറ്റ് കുട്ടികൾക്ക് ഒരുലഹരിപോലെ മനസ്സിൽ പിടിപ്പെട്ടിരിക്കുന്നു. മൊബൈൽ ഫോണില്ലാത്ത സമയത്ത് രക്ഷിതാക്കളോട് ദേഷ്യപ്പെടുന്നു. അവർക്ക് ഫോണില്ലാത്ത ജീവിക്കാൻ ആവാതെ ആയിക്കൊണ്ടിരിക്കുന്നു.

Akhil ks
IX-A

# ARTIFACTS – A COLLECTOR'S FANTASY

Artifacts are the priceless articles or items which were once designed by the mankind of the historic/prehistoric era to meet their daily requirements .they reveal the various features characteristics of the time with their designing and configuration,as they were made by using various resources which were available in that particular period

**How to begin your hunt for artifacts**...

It seems very easy to start your collection for artifacts by just buying them from the dealers or traders who sell artifacts .But this is not so ,to become a successful artifact collector,you have to take lot of time from your busy schedule to research over the various aspect of artifacts

You should always gain abundant knowledge about the various types of artifacts which you want to collect .This practice will really be helpful to you in differentiating between an authentic piece and a forgery .

Your collection of artifacts should not only be confirmed to purchasing the authentic artifacts , rather it should also include the proper a storing and caring methods of your collected artifacts which can be done by storing them in dry place and out of the reach of direct sunlight or any harsh lightening of your place were you have kept itso start today ,and have a great time in the world of artifacts

Salim.m
IX-E

# കാലം

കാലം കാഴിഞ്ഞു പൊയല്ലോ
ഞാനും മാറിപ്പോയല്ലോ
ചെറുപ്പത്തി ലോർമ്മകളെല്ലാം
മനസിൽ ഇടപഴകി ചേർന്നു
കാലാങ്ങൾ പിന്നോട്ട് പോയിരുന്നെങ്കിൽ
എന്തു രസമായിരുന്നു എന്ന്
ഞാൻ അറിയാതെ ചിന്തിച്ചു പൊയി

ADNAN AMEEN
9A

# ഗാന്ധിജി

പുഞ്ചിരിതൂകി മുന്നിൽ നിന്നു
നാടിനു വേണ്ടി ഏറെ സഹിച്ചു.
ഉപ്പുകുറുക്കിയും ചർക്കതിരിച്ചും
സമര ചരിത്രം മാറ്റി മറിച്ചും.
അക്രമ മൊന്നും ഇല്ലാതെങ്ങും
യുദ്ധം ജയിച്ച രാജാവ്

Junaid P

# നിമിഷ നേരം

അവൻ പോകുകയാണ് ജോലി തേടി
ആരും കാണാതെ
നിമിശനേരം കൊണ്ട് അവൻ പോയി
എന്തൊ ഒരു മിന്നൽ പോലെ
കൂട്ടുകാരനോടൊന്നും മിണ്ടാതെ കാണാതെ
എവിടെ എന്തെന്നറിയാതെ
അവൻ അലറി ഓടി
ഒരു നിമിഷ നേരം മതി നമ്മുടെ ജീവിതം
മാറിമറിയാൻ

ADWAID.N.K
9B

# പുഴയുടെ നൊമ്പരം

ഒരു സ്ഥലത്ത് ഒരു മനോഹരമയ പുഴ ഉണ്ടായിരുന്നു. അവിടെ നിന്ന് ആ പുഴയൊന്നൊഴികിയാൽ ഒരു ചില്ല് വിരിച്ചതുപോലെയാണ് കരണം അത്രയും മനോഹരമായിരുന്നു ആ പുഴ. അവിടെ നിന്ന് ആ പുഴത്തീരത്ത് ജനങ്ങൾ വെള്ളം കുടിക്കാൻ എടുക്കുകായും അതിന്റെ ഒരത്ത് കൃഷിച്ചെയ്യുകയും ചെയിതിരുന്നു പിന്നെ ഒരു ദിവസം ആ പുഴയിൽ മത്സ്യങ്ങൾ ചത്തുപ്പൊന്തി പിന്നെ പുഴയിൽ നിറയെ പ്ലാസ്റ്റിക് പോലുള്ള മാലിന്യങ്ങൾ കണ്ടു, അപ്പോൾ അവിടെയുള്ള ജനങ്ങൾ പിന്നെ അവിടെ നിന്ന് വെള്ളമെടുക്കൽ നിർത്തി .കൃഷികൾ ഉണങ്ങിപ്പോയി പിന്നെ ആ പുഴയെ ആരും

നോക്കിയില്ല .അതിന്റെ അടുത്തു കൂടെ ആരും നടന്നുപോയില്ല. തീരവാസികൾ അവിടെ നിന്നും താമസം മാറ്റി ആ പുഴയെ മാലിന്യങ്ങൾ തള്ളുന്ന ഒരു പുഴയായ് മാറ്റി.എല്ലാവർക്കും ആ പുഴയെ കാണുമ്പോൾ സഹദാപംതോന്നി.ആ പുഴയെ മാലിന്യപ്പുഴയായ് മാറ്റി. "ഇനി ആരും പുഴയിൽ മാലിന്യം തള്ളരുത് " എന്ന് എഴുതിയിട്ടും കാര്യമില്ല. ആ പുഴ പുഴകൾക്ക് ഒരു നൊമ്പരമാണ്."ആരുംപ്രകൃതിയെനോവിക്കരുത് അത് നമുക്ക് തന്നെ ആപത്താണ് "

Asrad
IX-B

# മായാത്ത സ്വപ്നം

മഴയിൽ അവൻ കിടന്നു
അറിയാതെപെയ്യുന്ന മയങ്ങി
ഇനി അവൾ സ്വപ്നങ്ങളിലേക്കുള്ള
കാൽവെപ്പിലേക്കാണ്
ഇനിയുള്ള സമയം അവൾ ഉറങ്ങുകയാണ്
ആ സ്വപ്നത്തിലൂടെ അവൾ
പുതിയൊരു ജീവിതത്തിൻ തുടക്കമാണ്

*ADNAN AMEEN K T*

# കുട്ടികൾ നമ്മുടെ സമ്പത്ത്

ഒരു ഗ്രാമത്തിൽ ഒരു പാവപ്പെട്ട അച്ഛനും അമ്മയും ഉണ്ടായിരുന്നു. അവർക്ക് കുറേ വർഷങ്ങൾക്ക് ശേഷം ഒരു കുഞ്ഞുണ്ടായി. ഒരു പെൺകുട്ടിയാണ് പിറന്നത്. അവർക്ക് അവളെ ഒരുപാട് ഇഷ്ടമായിരുന്നു. ഒരിക്കൽ അച്ഛനും അമ്മയും മകളും കൂടി ഒരു പാർക്കിൽ പോയി. അവിടെ അവൾ സന്തോഷത്തോടെ കളിക്കുകയായിരുന്നു. അപ്പോൾ കുറച്ച് സമയം കഴിഞ്ഞപ്പോൾ അവളെ കാണാനില്ല. അച്ഛനും അമ്മയും പാർക്കിലും മറ്റ് സ്ഥലങ്ങളിലും അന്വേഷിച്ചെങ്കിലും മകളെ കണ്ടെത്താൻ കഴിഞ്ഞില്ല.

പിന്നെ അവർ പോലീസിനെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. പോലീസുകാർ അന്വേഷിച്ചിട്ടും കുട്ടിയെ കണ്ടെത്താനായില്ല. പെട്ടെന്ന് അമ്മ തലകറങ്ങി വീണു. അപ്പോൾ തന്നെ അച്ഛൻ അമ്മയെ എടുത്ത് ഹോസ്പിറ്റലിൽ കൊണ്ടു പോയി. അപ്പോൾ ഡോക്ടർ ആ അമ്മയെ പരിശോധിച്ചു. ഡോക്ടർ അച്ഛനോട് പറഞ്ഞു "നിങ്ങളുടെ ഭാര്യ മാനസികമായി തളർന്നിരിക്കുകയാണ്. അപ്പോൾ അച്ഛൻ സങ്കടം കൊണ്ട്പൊട്ടികരഞ്ഞു.

( കുറച്ച് വർഷങ്ങൾക്ക് ശേഷം )

ഈ അമ്മയുടെ രോഗം ചികിൽസിച്ച് മാറ്റി അവർ വീട്ടിലേക്ക് പോയി. എങ്കിലും സ്വന്തം മകളെ

കിട്ടാത്തതുകൊണ്ട് അവർ ഇപ്പോഴും ദുഃഖിക്കുന്നു. മകളുടെ സന്തോഷത്തിനായി അവർ പോയ പാർക്കിലേക്ക് വീണ്ടും പോകുന്നു. അവിടെ മ്മ എത്തിയപ്പോൾ ആ അമ്മ പൊട്ടിക്കരഞ്ഞു. അവർ കടൽ തീരത്ത് തൻെറ മകളെ പോലെയുള്ള ഒരു ഭിക്ഷക്കാരിയെ അവർ കണ്ടു. അപ്പോൾ അവർ അവളുടെ അടുത്തേക്ക് പോയി അപ്പോൾ അവർക്ക് മനസ്സിലായി കുറേ വർഷങ്ങൾക്ക് മുമ്പ് നഷ്ടപ്പെട്ട തന്റെ സ്വന്തം മകളാണെന്ന് അവർ തിരിച്ചറിഞ്ഞു. അവർ അവളെയും കൂട്ടി വീട്ടിലേക്ക് മടങ്ങി. പിന്നീടുള്ള അവരുടെ ജീവിതം സന്തോഷ പൂർണ്ണമായിരുന്നു.

THE END

**ഗുണപാഠം : എവിടെ പോകുമ്പോഴും സ്വന്തം മക്കളെ ശ്രദ്ധിച്ചു നോക്കണമെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം**

**AMRUTHA**
**AMAYA**

## അമ്മയുടെ പരാതി

ഞാൻ പതിവുപോലെ ഫെയ്സ്ബുക്കും നോക്കി കുത്തിയിരിക്കുകയായിരുന്നു. അപ്പോയാണ് അമ്മ എന്നെ വിളിക്കുന്നത്. മോനേ നീ എനിക്കും ഫെയ്സ്ബുക്ക് എടുത്ത് തരുമോ? അതെന്തിനാ അമ്മേ? എനിക്ക് നിന്നോട് സംസാരിക്കാനാണ്. അതെന്തിനാ അമ്മേ ഞാൻ ഓഫീസും കഴിഞ്ഞ് ഇവിടെ തന്നെയല്ലേ വരുന്നത്. അതുശരിയാണ്, പക്ഷേ ഞാൻ നിന്നോട് ഒന്ന് സംസാരിക്കാൻ വന്നാൽ നീ എപ്പോഴും ഫോണിലായിരിക്കും. പണ്ടൊക്കെ നീ ഉറങ്ങുന്നത് എന്റെ കൂടെയായിരുന്നു. പക്ഷേ ഇന്നു നീ എന്റെ കൂടെ കിടക്കാറില്ല. എന്താണ് ഭക്ഷണത്തിന് വേണ്ടിത് എന്ന് നീ പറയുമായിരിന്നു. പക്ഷേ നീ ഇന്ന് ഭക്ഷണം കഴിക്കുകയല്ലാതെ അതിനെ പറ്റി ഒരു അഭിപ്രായവും പറയുന്നില്ല. ഞാൻ ഒന്ന് സംസാരിക്കാൻ വേണ്ടി ഫോൺ വിളിച്ചാൽ നീ എടുക്കില്ല. എന്റെ അമ്മയ്ക്ക് എന്നെ പറ്റി ഇത്ര വേവലാതിയും പരാതിയും ഉണ്ടോ എന്ന് എനിക്ക് ഇന്നാണ് മനസ്സിലായത്. ഞാൻ അമ്മയോട് മാപ്പ് പറയുകയും അമ്മയോട് സംസാരിക്കാൻ സമയം കണ്ടെത്തുകയും ചെയ്തു.

Junaid P

# പ്രളയം@2K18

ഒരു ദിനം പെട്ടന്ന് വെള്ളം പൊന്തി
പ്രളയ ജലമായി അത് ഒഴുകി
ഞങ്ങളുടെ വീടുകൾ മണ്ണിനടിയിൽ
എത്രയോ ജീവനുകൾ
ജീവശ്വാസത്തിനായി പിടയുന്ന
ചുറ്റിലും പ്രളയ ജലതൻ മർമ്മരങ്ങൾ
ഒരു നാൾ ഈ വെള്ളമെല്ലാം വറ്റിടുന്നു
അന്നു ഞങ്ങൾ ഉടലെടുക്കും
കേരളത്തെ നവരത്നമാക്കാൻ
അന്നു ഞങ്ങൾ ഉയർത്തി പിടിക്കും
കേരളത്തെ പുതുയുഗത്തിനായി

Saeed VK

# യാത്ര

അവൾ ഒറ്റക്ക് പോകുകയാണ് അവൾ തന്റെ ബാഗുകളെല്ലാം ശരിയാക്കി തന്റെ ട്രെയിൻ ടിക്കറ്റ്
ഭദ്രമായി തന്റെ ഹാന്റ് ബാഗിൽ വെച്ചു.
ഇപ്പോൾ സമയം രാത്രി 10:00 ടാക്സി അവളുടെ വീട്ടു മുറ്റത്ത് അവളെയും കാത്ത് നിന്നു അതെ അവൾ പോകുകയാണ് ഒരു യാത്ര ടാക്സിയിൽ റെയിൽവേ
സ്റ്റേഷൻ വരെ സഞ്ചരിച്ചു അവൾ പരിഭ്രമത്തോടെ
വാച്ചിലേക്ക് നോക്കിയപ്പോൾ 12:00 മണി അവൾ
പരിഭ്രമത്തോടെ ട്രെയിൻ ലക്ഷ്യമാക്കി നടന്നു.
അപ്പോൾ അവൾ തന്റെ ബാഗിൽ ഉള്ള

കുപ്പി വെള്ളം ഒന്ന് പരിശോധിച്ചു ഒരു തുള്ളി വെള്ളം പോലും ഉണ്ടായിരുന്നില്ല. അവൾ വെള്ളം വാങ്ങാനായി കടയിലേക്ക് നടന്നു അപ്പോഴേക്കും അവൾ പോകേണ്ട ട്രെയിൻ പുറപ്പെട്ടു കഴിഞ്ഞിരുന്നു.അവൾ ആരും കാണാതെ അവൾ കരഞ്ഞു പക്ഷെ, അവൾ തളർന്നില്ല വീണ്ടും ഒരു യാത്രക്കായി അവയ്യാറെടുത്തു.യാത്ര അത് ഒരു ൾതപുസ്തകമാണ് ഒരിക്കലും മറക്കാത്ത പുസ്തകം.

Muhammed Rishal P

IX-D

# യാത്രാ വിവരണം

വേളം ഹൈസ്കൂളിൽ നിന്ന് പരിസ്ഥിതി ക്ലബിന്റെ ആഭിമുഖ്യത്തിൽ **രാവിലെ 9 മണിക്ക് ആറളം വന്യജീവി സങ്കേതത്തിലേക്ക് ഒരു ക്യാമ്പിന് പുറപ്പെട്ടു. പ്രകൃതിസൗന്ദര്യം ആസ്വദിക്കാൻ പറ്റിയ ഒരു നല്ല സ്ഥലമാണ് ആറളം.**






**ഞങ്ങൾ 50 കുട്ടികളാണ് ഉണ്ടായിരുന്നത്. ബസ്സിലായിരുന്നു യാത്ര. നല്ല പാട്ടും ഡാൻസും ഒക്കെയുണ്ടായിരുന്നു. ഞങ്ങൾ അതുവഴി തലശ്ശേരി കോട്ടയിലും മുഴപ്പിലങ്ങാട് ബീച്ചിലും പോയി. കോട്ടയുടെ**








ഉള്ളിൽ കയറുമ്പോൾ തന്നെ എന്തെന്നില്ലാത്ത ഒരു അനുഭൂതി ഞങ്ങളിൽ ഉടലെടുത്തു. അതുകഴിഞ്ഞ് ബീച്ചായിരുന്നു. കടലിന്റെ ഇരമ്പലും കാറ്റും ഞങ്ങളിൽ കുളിർമയുണ്ടാക്കി. പിന്നെ ഒരു ഒന്നാന്തരം ലഘു ഭക്ഷണവുംകഴിച്ചു. കൂട്ടുകാരുടെ കൂടെ ഇരുന്ന് കഴിക്കുമ്പോൾ തന്നെ അതിന് വല്ലാത്ത ഒരു സ്വാതുണ്ടായി. പിന്നെ ഞങ്ങൾ ആറളം വന്യജീവി സങ്കേതത്തിൽ എത്തി. വേഴാമ്പൽ, പലതരം പൂമ്പാറ്റകൾ, കുരങ്ങൻ, മലയണ്ണാൻ, കാട്ടുപോത്ത് തുടങ്ങിയ വിവിധയിനം ജീവികളെ കാണുകയും അവയെ നിരീക്ഷിക്കുകയും ചെയ്തു. വന്യജീവി സങ്കേതത്തിനോട് അടുത്തുള്ള പുഴയിൽ നീന്തി രസിച്ചു കളിച്ചു. അവിടെ മുഴുവൻ നിരീക്ഷിച്ചു. ഞങ്ങൾ മൂന്നു ദിവസം അവിടുത്തെ മനോഹാരിത ആസ്വദിച്ചു. അതുകഴിഞ്ഞ് തിരിച്ചെത്തി. ആ ദിനങ്ങളിലെ അനുഭവം ഞങ്ങൾക്ക് ഒരു കാലത്തും മറക്കാൻ പറ്റാത്ത ഒരനുഭവമായിരുന്നു.

# പൂന്തോട്ടം



## സീഡ് പെൻ നിർമ്മാണം




ഉണർവ്
സീഡ് പെൻ നിർമാണവും
വീഡിയോ പ്രദർശനവും
സ്ഥലം : 8 D ക്ലാസ്
സമയം : 1·30 pm
Don't
Use Plastic
SAVE
LIFE
REDUCE, REUSE, RECYCLE...

# പച്ചക്കറി കൃഷി



BY

LITTLE KITES UNIT

VHSS CHERAPURAM